ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അച്ചടിച്ചു തീരുമ്പോൾ രാത്രിയായിരിക്കുമെന്നുള്ളതുകൊണ്ടു അതു വിഷമമാണു്.

ശ്രീ. കെ. അയ്യപ്പൻ : പ്രസിദ്ധം ചെയ്യുന്ന ദിവസംതന്നെ അഞ്ചലിൽ അയച്ചുകൊടുക്കത്തക്ക സൌകര്യത്തിൽ അച്ചടി പൂർത്തിയാക്കിക്കൂടെ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതിനു തക്കവണ്ണം അച്ചടി നേരത്തെ തീരുകയാണെങ്കിൽ ചൊവ്വാഴ്ചതന്നെ അയക്കുന്നതാണു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ശസറ കൂത്തികെട്ടാതെ പ്രത്യേകം പ്രത്യേകം ഷീറ്റുകളായി അയക്കുന്നുഎന്നു് പരാതികൾ ഉണ്ടായിട്ടില്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെ പരാതി ഉണ്ടായിട്ടില്ല. നേരെമറിച്ചു് എല്ലാംകൂടി കൂത്തികെട്ടി ഒരു വലിയ പുസ്തകമായി അയക്കണം, ഓഫീസർ ട്ടുമെൻറൽ ഷീറ്റും പ്രത്യേകം പ്രത്യേകമായി അയക്കേണ്ടതാണു് എന്നു് പരാതികിട്ടിയിട്ടുണ്ടു്.

ശ്രീ. ടി ടി. കേശവൻശാസ്ത്രി : കൂത്തികെട്ടി അയക്കുന്നതാണു് സൌകര്യമെന്നറിയാമോ?

ബഹു. ശ്രീ. ടി: കെ. നാരായണപിള്ള . അതറിയാവുന്നതുകൊണ്ടാണു് ഇപ്പോൾ അങ്ങിനെ അയച്ചുകൊടുക്കുന്നതു്.

സസ്പെൻഷനിലായ ഉദ്യോഗസ്ഥന്മാർ

*൨൪൨൨ (൯൭) ശ്രീ. കെ. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ?

(എ) ആരോപണങ്ങൾക്കു വിധേയരായ ഫസ ഉദ്യോഗസ്ഥന്മാരെ കോടതി മുഖാന്തിരം അവരുടെ നിരപരാധിത്വം തെളിയിക്കുന്നതുവരെ സസ്പെൻഷനിൽ നിർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അവർ ആരൊക്കെയാണു്?

ബഹു. ശ്രീ. ടി കെ. നാരായണപിള്ള: (എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

കരിഞ്ചന്തയെപ്പറ്റി പത്രവാർത്ത

* ൨൪൨൯ (൯൮) ശ്രീ. കെ.കെ. വിശ്വനാഥൻ : താഴെ പറയുന്നചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഒരു പലചരക്കു വ്യാപാരിയോടു ഫാക. വാങ്ങി, ൧൦ രാത്തൽ പഞ്ചസാരയുടെ ഒരു ചീറ്റ കൊടുത്തുവെന്ന വാർത്ത പത്രങ്ങളിൽ കാണുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ഗവൺമെൻറ അതേപ്പറ്റി അന്വേഷിച്ചോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) അങ്ങിനെ ചില പത്രങ്ങളിൽ കണ്ടിട്ടുണ്ടു്;

(ബി) ഗവൺമെൻറ അന്വേഷിച്ചുകൊണ്ടിരിക്കയാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : അങ്ങിനെ ചെയ്തതു് ആരാണെന്നു പറയാൻ സാധിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അന്വേഷണത്തിൻറെ ഫലമായി അതാരാണെന്നു ഇതുവരെ വെളിവായിട്ടില്ല.

സ്റ്റേറുകാറുകളും പൂമംഗലം തെരഞ്ഞെടുപ്പും

* ൨൪൨൮ (൯൯) ശ്രീ. ഇട്ടീര അയ്യൂക്കൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) പൂമംഗലം ഉപതെരഞ്ഞെടുപ്പിൽ സ്റ്റേറുകാറുകൾ ഉപയോഗിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ആവശ്യങ്ങൾക്കാണു് പ്രസ്തുത കാറുകൾ ഉപയോഗിച്ചിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉണ്ട്. ഒരു സ്റ്റേറ്റുകാർ ചീഫ് എലക്ഷൻ ആഫീസറുടെ ഉപയോഗത്തിനായി കൊടുത്തിട്ടുണ്ട്.

(ബി) ബാലറ്റുപെട്ടികൾ കൊണ്ടുപോകുന്നതിനും തെരഞ്ഞെടുപ്പു സംബന്ധിച്ചുള്ള മറ്റോർപ്പാടുകളുടെ മേൽനോട്ടം വഹിക്കുന്നതിനുംവേണ്ടി ആ കാർ ഉപയോഗിച്ചിട്ടുണ്ട്.

ശ്രീ. ഇട്ടീര അമ്പൂക്കൻ : തെരഞ്ഞെടുപ്പുകാലത്തു പല മന്ത്രിമാരും അവരുടെ സ്റ്റേറ്റുകാറുകളിൽ പോയിട്ടുണ്ടെന്നറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : മന്ത്രിമാർ അവരുടെ ചെലവിൽ അവിടെ പോയിട്ടുണ്ട്.

ശ്രീ. ഇട്ടീര അമ്പൂക്കൻ : മന്ത്രിമാർ എന്തിനാണ് അവിടെ പോയതെന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : തെരഞ്ഞെടുപ്പു പ്രചരണത്തിനുവേണ്ടിയാണ്.

ശ്രീ. ഇട്ടീര അമ്പൂക്കൻ : തെരഞ്ഞെടുപ്പു പ്രചരണം മന്ത്രിമാരുടെ ഔദ്യോഗിക ജോലികളിൽ ഉൾപ്പെടുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതിനു് ഒരു മറുപടി തന്നെ ആവശ്യമാണെന്നു തോന്നുന്നില്ല. മന്ത്രിമാർക്കു തെരഞ്ഞെടുപ്പു സംബന്ധമായി പ്രചരണം നടത്തുന്നതിനു് അവകാശമുണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. പാശ്ചാത്യരാജ്യങ്ങളിലെവിടെയും ഉള്ള നടപ്പും അങ്ങിനെയാണ്.

ശ്രീ. ഇട്ടീര അമ്പൂക്കൻ : ഒരു പായിൻറ് ആഫ് ആർഡർ. ജനങ്ങളുടെ ഇടയിലുള്ള തെറ്റിദ്ധാരണകൾ തീർക്കുന്നതിനുവേണ്ടിയാണ് ഞങ്ങൾ ചോദ്യങ്ങൾ ചോദിക്കുന്നതു്. അങ്ങിനെ ചോദ്യങ്ങൾ ചോദിക്കുമ്പോൾ അവയ്ക്കു മന്ത്രിമാർ ക്ഷോഭിച്ചുകൊണ്ടു് ഉത്തരം നൽകുന്നതു ശരിയാണോ?

മി. സ്പീക്കർ : ക്ഷോഭം എന്നു പറയുന്നതുതന്നെ മാനസികമായ ഒരു അവസ്ഥയാണ്. അതിന്റെ പ്രകടനം മറ്റു അംഗങ്ങൾക്കൊ സഭയ്ക്കു പൊതുവെയൊ അസൌകര്യം മനം ഉണ്ടാക്കുന്നില്ലെങ്കിൽ അതിനെപ്പറ്റി പരാതിക്കു അവകാശമില്ല.

ശ്രീ. കെ. കരുണാകരൻ : തെരഞ്ഞെടുപ്പ് ഇല്ലാത്തകാലങ്ങളിലും മന്ത്രിമാർ സ്റ്റേറ്റുകാറുകളിൽ പോകാറില്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : മന്ത്രിമാർ എപ്പോഴും സ്റ്റേറ്റുകാറുകളിൽ തന്നെയാണ് സഞ്ചരിക്കുന്നതു്.

ശ്രീ. എ. சிதம்பரநாத நாடார் : டிஸ்டிரிக்ட் காங்கிரஸிலுள்ளவர்களுக்கு மாத்திரம்தான் வரலாம். மற்றவர்களுக்கு வரக்கூடாது என்பதா கவர்ன்மென்டின் அபிப்பிராயம்?

Mr. Speaker : Order. Order. That is a matter of opinion. The question need not be answered.

ഉദ്യോഗസ്ഥന്മാരുടെ പിരിച്ചുവയ്ക്കൽ

* ൨൯൫ ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സർക്കാർ ഉദ്യോഗസ്ഥന്മാരിൽ അമ്പത്തിമൂന്നിൽ അധികം വയസ്സും ൨൫ വർഷത്തിലധികം സർവ്വീസും ഉള്ളവരെ പെൻഷൻ കൊടുത്തയക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) 'എ'ക്കുത്തരം ഉണ്ട്' എന്നാണെങ്കിൽ, ആ തീരുമാനം എല്ലാത്തരം ഉദ്യോഗസ്ഥന്മാരെയും ബാധിക്കുമോ;

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) അങ്ങിനെ ഒരു തത്വം ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

DEVASWOM BOARD

***2416 [41] Sri. Paul Thaliath** : Will the Hon'ble the Chief Minister be pleased to state.—

LIBRARY ARCHIVES Kerala Legislative Assembly